ഗുരുമാർഗം

കടാക്ഷവിക്ഷേപംകൊണ്ട്ആകർഷിച്ച്ലൈംഗികസുഖചിന്തയിൽ തള്ളിവിട്ട് ജീവിതത്തെയാകെ കീഴ്മേൽ മറിക്കാൻ തയ്യാറായി സ്ത്രീജനങ്ങളുടെ കാമവിലാസങ്ങളിലകപ്പെടുത്തി അല്ലയോ ഭഗവാൻ, വല്ലാതെ ദുഃഖിപ്പിക്കരുത്.

www.keralakaumudi.com www.facebook.com/keralakaumudi

സമാധാനം കെടുത്തുന്ന വില്ലൻ

മാനവദർശനം

മുനി നാരായണ പ്രസാദ്

രണ്ടു ചെറുപ്പക്കാരെത്തി. മദ്ധ്യവയസ്കതയിലേക്കു കടക്കുന്ന പ്രായം. വളരെ ഉയർന്ന വിദ്യാഭ്യാസ യോഗ്യതകളുള്ളവർ. സെക്കൻഡറി സ്കൂൾ അദ്ധ്യാപകരാകാനുള്ള പി.എസ്.സി ടെസ്റ്റെഴുതി നിരാശരായാണ് വന്നിരിക്കുന്നത്. അവരിലൊരാൾ പറയുന്നു,

''പരീക്ഷ വളരെ പ്രയാസമായിരുന്നു സ്വാമീ! പ്രതീക്ഷിക്കാത്ത രീതിയിലുള്ള ചോദ്യങ്ങളാണ് ചോദിച്ചത്. വലിയ ടെൻഷനായിരിക്കുന്നു.''

''എന്തിനാ ടെൻഷൻ?''

''സർക്കാരുദ്യോഗം കിട്ടാതെ പോകുമെന്നതോന്നൽ. ഓവറേജ്ഡ് ആകാനും പോകുന്നു.''

''നിങ്ങൾക്കിപ്പോൾ ജോലിയില്ലേ?''

''ഉണ്ട്. അത് സെൽഫ് ഫിനാൻസിംഗ് കോളേജിലാണ്.''

''സർക്കാരുദ്യോഗം തന്നെവേണമെന്ന്എന്തിനിങ്ങനെ നിർബന്ധം പിടിക്കുന്നു?''

''സർക്കാരുദ്യോഗമുണ്ടെങ്കിലേ സമൂഹത്തിൽ ഒരംഗീകാരമുള്ളൂ. മാത്രമല്ല, കുടുംബത്തിലും അസ്വസ്ഥതയാണ്. ഭാര്യയ്ക്കു സർക്കാരുദ്യോഗമുണ്ട്. അതുകൊണ്ട് അവളെന്നെ ഇടിച്ചുതാഴ്ത്തിക്കാണുന്നു. ഇതൊക്കെ ടെൻഷൻ സൃഷ്ടിക്കുന്നു.''

''കുടുംബബന്ധം ശമ്പളത്തിന്റെവലിപ്പത്തെയോ ജോലിയിലെസ്റ്റാറ്റസിനെയോ ആശ്രയിക്കേണ്ടഒന്നല്ല. അതുഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ഹൃദയൈക്യംകൊണ്ട് ബലപ്പെട്ടുവരേണ്ടഒന്നാണ്.''

'' അതുശരിയാണ്. പക്ഷേ ഇപ്പോൾ സ്ഥിതി അതല്ല.''

''ഈ പ്രശ്നമെല്ലാം കുടുംബജീവിതത്തിൽ അനുഭവിക്കുന്നത് നിങ്ങളെപ്പോലെയുള്ള വിദ്യാസമ്പന്നർ മാത്രമല്ലേ? പാവപ്പെട്ട ആളുകൾ ഈ മനപ്രയാസങ്ങളൊന്നുമില്ലാതെ ഹൃദയൈക്യത്തോടുകൂടി കുടുംബജീവിതം നയിക്കുന്നില്ലേ?''

''ശരിയാണ്. വിദ്യാഭ്യാസം നേടിയതാണ് നമ്മുടെ സമാധാനം കെടുത്തുന്നത്.''

''നിങ്ങൾ വിദ്യാഭ്യാസമെന്ന പേരിൽ പലതും പഠിച്ചു. പക്ഷേ ജീവിതത്തെപ്പറ്റി മാത്രം ഒന്നും പഠിച്ചില്ല. അതുകൊണ്ടാണ് ഈ പ്രശ്നങ്ങളുണ്ടായിരിക്കുന്നത്.''

''ശരിയാണ്. കുറച്ച് അക്കാഡമിക് വിഷയങ്ങൾ പഠിച്ച് M.A., M.Phil, M.Ed. ഡിഗ്രികളൊക്കെ നേടി. പക്ഷെ ജീവിതത്തെപ്പറ്റി ഒരക്ഷരം പഠിച്ചില്ല.''

''ഇനിയെങ്കിലും പഠിക്കിൻ!''

''നല്ലതു വരും എന്ന പ്രതീക്ഷയാണു സ്വാമീ ഉള്ളത്.''

''അതു നല്ലതുതന്നെ. പക്ഷേ ഇപ്പോഴുള്ള അവസ്ഥ നല്ലതല്ല എന്ന വിചാരം കളയുകയും വേണം.''

''ശരിയാണ്. ഇപ്പോഴുള്ള അവസ്ഥ നല്ലതല്ല എന്നും, ഇതിനെക്കാൾ നല്ലതു വേണമെന്നുമുള്ള വിചാരമാണ് സമാധാനം കെടുത്തുന്നത്. 'പ്രതീക്ഷകളാണ് സമാധാനം കെടുത്തുന്നതെ'ന്ന വാക്യം എത്രപ്രാവശ്യം പഠിച്ചിട്ടുള്ളതാണ്! പക്ഷേ ജീവിതത്തിലേക്കു വരുമ്പോൾ അതൊക്കെ മറക്കും.''

''ഇതുതന്നെയാണ് നിങ്ങളുടെ സമാധാനം കെടുത്തുന്നത്.''

രാഹുൽ വരട്ടെ
മതേതര വോട്ടുകൾ യു.ഡി.എഫിന്

സി.പി. ശ്രീഹർഷൻ

രാഹുൽഗാന്ധി വയനാട്ടിലെത്തുന്നതിനെ വിമർശിക്കുന്ന സി.പി.എം നേതാക്കൾ കോൺഗ്രസിനെ ഫിനിഷ് ചെയ്യാനാണ് ശ്രമിക്കുന്നതെന്ന് പ്രചാരണത്തിരക്കിനിടയിൽ കേരളകൗമുദിക്ക് അനുവദിച്ച അഭിമുഖത്തിൽ പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല കുറ്റപ്പെടുത്തി. ന്യൂനപക്ഷ, ഭൂരിപക്ഷവോട്ടുകൾ കോൺഗ്രസിലേക്ക് തിരിച്ചുവരുമെന്നും അദ്ദേഹം പറഞ്ഞു.

? രാഹുലിന്റെ വരവിലൂടെ പ്രതീക്ഷ?

രാഹുൽഗാന്ധി വരുന്നതോടെ കേരളത്തിലെ തിരഞ്ഞെടുപ്പിൽ ഗുണപരവും ദൂരവ്യാപകവുമായ മാറ്റമുണ്ടാവുകയാണ്. ആദ്യമായാവും ഒരു ദേശീയ നേതാവ് കേരളത്തിൽ മത്സരിക്കുന്നത്(അദ്ദേഹമനവദിച്ചാൽ) . മതേതരവോട്ടുകൾ കോൺഗ്രസിന്റെയും യു.ഡി.എഫിന്റെയും പിന്നിൽ അണിനിരക്കും. ഭരണേന്യായിലാകെ ആവേശമാകും. ബി.ജെ.പിയെ ശക്തിപ്പെടുത്തി കോൺഗ്രസിനെ ദുർബലപ്പെടുത്താനാണ് എൽ.ഡി.എഫ് ശ്രമിച്ചത്. അതിവിടെ പരാജയപ്പെടുകയാണ്.

? ആദ്മാസം മുമ്പേ അന്തരീക്ഷത്തിലുള്ളതാണെങ്കിലും രാഹുൽ വയനാട്ടിൽ വരുമെന്ന ഇപ്പോഴത്തെ വെളിപ്പെടുത്തൽ നിമ്നധവും നാടകീയവുമായത്എതിരാളികൾ ആയുധമാക്കുന്നു. സ്മൃതിഇറാനിയുടെ സ്ഥാനാർത്ഥിത്വം പ്രഖ്യാപിച്ചശേഷമുണ്ടായ ഭയമെന്ന് ബി.ജെ.പി ആരോപിച്ചു

രാഹുൽഗാന്ധി ആദ്യമേ പ്രഖ്യാപിച്ചതാണ് അമേഠി. സ്മൃതി ഇറാനിയെ പ്രഖ്യാപിച്ചത് കൊണ്ടല്ലല്ലോ അത്. അദ്ദേഹം അവിടെയും ഇവിടെയും ജയിക്കും. രാഹുൽഗാന്ധി ഇവിടെ മത്സരിക്കണമെന്നത് ഞങ്ങളെപ്പോഴും അദ്ദേഹത്തോട് പറഞ്ഞുകൊണ്ടിരിക്കുന്നതാണ്. വയനാട്ടിൽ സ്ഥാനാർത്ഥിയെ ഞങ്ങൾ പ്രഖ്യാപിച്ചിട്ടില്ലല്ലോ. ഔദ്യോഗികമായി പ്രഖ്യാപിക്കാത്തത് കൊണ്ടുതന്നെ ഇതുവരെ പരിപാടികളിൽ ഞങ്ങളാരും അവിടെ പോയില്ല. ആ ഘട്ടത്തിൽ തെക്കേ ഇന്ത്യയിലും മത്സരിക്കാമെന്ന ചിന്ത എ.ഐ.സി.സിയിൽരൂപപ്പെട്ടുവന്നപ്പോൾഞങ്ങൾ പറഞ്ഞു, കേരളത്തിലാണ് നല്ലതെന്ന്.

? ബി.ജെ.പിക്കെതിരെ മതേതരകക്ഷികളുടെ വിശാല ഐക്യത്തിന് മുന്നിൽ നിൽക്കുന്ന രാഹുൽഗാന്ധി മുഖ്യ എതിരാളി ബി.ജെ.പിയല്ലാത്ത വയനാട്ടിലെത്തി തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിലെ സാംഗത്യത്തെ സി.പി.എം ചോദ്യം ചെയ്യുന്നു

സി.പി.എം വലിയ വർത്തമാനമൊന്നും പറയേണ്ട. ബംഗാളിൽ തൃണമൂൽ കോൺഗ്രസുമായി ധാരണയുണ്ടാക്കാൻ തീരുമാനിച്ച ഞങ്ങൾ ഇവർക്കായി അത് വേണ്ടെന്ന് വച്ചിട്ടും വഞ്ചിച്ചവരാണിവർ. ദേശീയ ഐക്യത്തിനും മതേതരമൂന്നേറ്റത്തിനും താത്പര്യമുള്ളവരായിരുന്നെങ്കിൽ അത് ചെയ്യില്ല. പിണറായി വിജയനും കോടിയേരി ബാലകൃഷ്ണനുമടക്കമുള്ള കേരള നേതാക്കൾ ആഗ്രഹിച്ചത് കോൺഗ്രസിനെ ഫിനിഷ്ചെയ്യാനാണ്. അവരാണിപ്പോൾ രാഹുൽഗാന്ധി വരുന്നെന്ന് കേട്ടപ്പോൾ എന്ത് സന്ദേശമാണ് നൽകുകയെന്ന് ചോദിക്കുന്നത്. എന്ത് സന്ദേശമാണ് ഇത്രയും കാലം മുഖ്യമന്ത്രിയും കേരളനേതാക്കളും കൊടുത്തുകൊണ്ടിരുന്നത്. യെച്ചൂരിയെ താഴ്ത്തിക്കെട്ടാനും പുറത്താക്കാനും നോക്കിയത് യെച്ചൂരികോൺഗ്രസുമായി ചേരാൻ പറഞ്ഞുവെന്ന് പ്രചരിപ്പിച്ചാണ്.

? അമേഠിയിലും വയനാട്ടിലും ജയിച്ചാൽ ഏത് മണ്ഡലം രാഹുൽ ഒഴിയും എന്നതൊരു ചോദ്യമല്ലേ. കോടിയേരി ബാലകൃഷ്ണൻ അത് പറഞ്ഞു

വയനാട് ജയിച്ചുവെന്ന് കോടിയേരി ബാലകൃഷ്ണൻ സമ്മതിച്ച സ്ഥിതിക്ക് അവിടെയുള്ള സ്ഥാനാർത്ഥിയെ പിൻവലിച്ച് പ്രശ്നമുണ്ടാക്കാതെ രാഹുലിനെ പിന്തുണയ്ക്കുകയല്ലേ വേണ്ടത്. ദേശീയതലത്തിൽ നരേന്ദ്രമോദിക്കെതിരെ പോരാട്ടം നടത്തുന്ന രാഹുൽഗാന്ധിയെ പിന്തുണയ്ക്കാൻ എന്തുകൊണ്ട് ഇടതുപക്ഷം മുന്നോട്ട് വരുന്നില്ല

? സ്ഥാനാർത്ഥി നിർണയത്തിൽ കേരളത്തിൽ ജയസാദ്ധ്യത മാത്രമാകും മാനദണ്ഡമെന്ന് തുടക്കം മുതൽ ആവർത്തിച്ചിട്ടും കാര്യത്തോടടുക്കുമ്പോൾ ഗ്രൂപ്പ് വീതംവയ്പിലേക്കെത്തി

ആദ്യം സ്ഥാനാർത്ഥികളെ പ്രഖ്യാപിക്കുകയും ആദ്യം പരാജയമേറ്റുവാങ്ങുകയുമാണ് സി.പി.എമ്മിന്റെയും ഇടതുമുന്നണിയുടെയും എന്നത്തെയും ശീലം. തിരഞ്ഞെടുപ്പ് മൂന്നാം ഘട്ടത്തിലെന്ന് മനസിലായപ്പോഴാണ്ഞങ്ങളല്ലം വൈകിപ്പിച്ചത്. മനഃപൂർവമല്ല. ഇത്തവണത്തെയു.ഡി.എഫ്സ്ഥാനാർത്ഥികൾപടക്കുതിരകളും ചുണക്കുട്ടികളുമാണ്. ഗ്രൂപ്പൊക്കെയുണ്ടാകും. അതൊന്നും സ്ഥാനാർത്ഥികളെ ബാധിച്ചിട്ടില്ല.

? വയനാട് എ ഗ്രൂപ്പ് പിടിച്ചെടുത്തതിൽ പ്രതിഷേധിച്ച് കോഴിക്കോട് ഐ ഗ്രൂപ്പ്രഹസ്യയോഗം ചേർന്നതൊക്കെതിരഞ്ഞെടുപ്പ്ഘട്ടത്തിൽആരോഗ്യകരമാണോ

അതെല്ലാം കഴിഞ്ഞല്ലോ. രാഹുൽഗാന്ധി വരികയാണെങ്കിൽ ആ പ്രശ്നങ്ങളൊന്നുമുണ്ടാകില്ലല്ലോ. ഇത്തരം ചർച്ചകൾക്ക് വഴി തെളിക്കണമായിരുന്നോ എന്നൊക്കെ എല്ലാവരും ആലോചിക്കേണ്ടതാണ്.

? ജീവന്മരണ പോരാട്ടമെന്ന് കോൺഗ്രസ് തന്നെ പറയുന്ന യുദ്ധത്തിൽ കേരളത്തിലെ മുൻനിര നേതാക്കൾ മത്സരിക്കാനില്ലെന്ന് പറഞ്ഞ് ഒഴിഞ്ഞതിലെ വൈരുദ്ധ്യം

നമ്മളാരെയും നിർബന്ധിച്ച് മത്സരിപ്പിക്കുന്നത് ശരിയല്ല. കെ.പി.സി.സി പ്രസിഡന്റ് പറഞ്ഞത് സത്യമാണ്. അദ്ദേഹത്തിന് എല്ലായിടവും പോയി തിരഞ്ഞെടുപ്പ് പ്രചാരണം നിയന്ത്രിക്കേണ്ടതുണ്ട്. മുൻ മുഖ്യമന്ത്രിക്ക് ആന്ധ്രയുടെ ചുമതലയുണ്ടെന്ന് പറഞ്ഞു. അവിടെ നിയമസഭാ, ലോക്സഭാ തിരഞ്ഞെടുപ്പുകൾ നടക്കുന്നുണ്ട്. വി.എം. സുധീരൻ പണ്ടേ മത്സരിക്കാനില്ലെന്ന് പറഞ്ഞയാളാണ്. നിർണായകഘട്ടമാണെങ്കിലും ആരെയും നിർബന്ധിക്കേണ്ടെന്ന് തീരുമാനമെടുത്തു. എല്ലാവരും പ്രചാരണരംഗത്ത് സജീവമായിരിക്കും.

രമേശ് ചെന്നിത്തല

? വയനാട് എ ഗ്രൂപ്പ് പിടിച്ചെടുത്തപ്പോൾ പകരം വടകര ഐ ഗ്രൂപ്പ് കൈക്കലാക്കിയെന്ന അവകാശവാദമുണ്ടല്ലോ. ശരിക്കും വടകരയിലേക്ക് കെ. മുരളീധരന്റെ സ്ഥാനാർത്ഥിത്വത്തിലേക്ക് നയിച്ചതെന്താണ്

വടകരയിൽ മുല്ലപ്പള്ളി രാമചന്ദ്രനെ കഴിഞ്ഞതവണ സ്ഥാനാർത്ഥിയാക്കാൻ മുൻകൈയെടുത്തത് ഞാൻ കെ.പി.സി.സി പ്രസിഡന്റായിരിക്കെയാണ്. ഇടതുപക്ഷത്തിന് മുൻതൂക്കമുണ്ടായിരുന്ന മണ്ഡലത്തിൽ രണ്ടുതവണയായി മുല്ലപ്പള്ളി ജയിച്ചപോരുന്നു. അദ്ദേഹം കെ.പി.സി.സി പ്രസിഡന്റായപ്പോൾ മത്സരിക്കുന്നില്ലെന്ന നിലപാടെടുത്തു. പകരം പറ്റിയൊരാളെകണ്ടുപിടിക്കാനുള്ള തയ്യാറെടുപ്പിലായിരുന്നു. അതിനിടയിലാണ് പി. ജയരാജൻ വന്നത്. ജയരാജനെ തോല്പിക്കാൻ കഴിയുന്ന സീനിയറായൊരാൾവേണമെന്ന അഭിപ്രായമുണ്ടായി. ആർ.എം.പിയും ലീഗും അഭിപ്രായപ്പെട്ടു. പല പേരുകൾ പരിഗണിച്ചു. ഏറ്റവും അവസാനം വന്ന പേര് മുരളീധരന്റേതാണ്. അങ്ങനെയാണ് മുരളീധരനെപ്പോലെ, മുൻ കെ.പി.സി.സി പ്രസിഡന്റായ, സമർത്ഥനായ സീനിയർനേതാവിനെ നിറുത്താൻ തീരുമാനിച്ചത്.

? ഉമ്മൻ ചാണ്ടിയുടെ മാത്രമായി, ഏതെങ്കിലും തരത്തിലുള്ള ഇടപെടലുണ്ടായിട്ടുണ്ടോ

ഇല്ല. എല്ലാവരും കൂടിയാലോചിച്ചാണ് തീരുമാനമെടുത്തത്.

? വടകരയടക്കം അഞ്ചിടത്ത് കോ-ലീ-ബി സഖ്യമാരോപിച്ച് സി.പി.എം രംഗത്ത് വന്നിട്ടുണ്ട്. തിരുവനന്തപുരത്ത് കോൺഗ്രസിന് സി.പി.എം വോട്ട് മറിക്കുമെന്ന് ബി.ജെ.പിയും പറയുന്നു. അങ്ങനെയുള്ള വോട്ടാണോ കോൺഗ്രസനെ തുണയ്ക്കാൻ പോകുന്നത്

തിരുവനന്തപുരത്ത് ശശിതരൂർ കഴിഞ്ഞ രണ്ട് തവണയായിജയിച്ചയാളാണ്. അവിടെ ഞങ്ങൾക്ക് വെല്ലുവിളിയേ ഇല്ല. കുമ്മനം വന്നതോടെ ഞങ്ങളുടെ വിജയം കുറച്ചുകൂടി അനായാസമായി. അന്തർദ്ദേശീയതലത്തിൽശ്രദ്ധേയനായതരൂരിനെ വിജയിപ്പിക്കാൻ ജനം മുന്നോട്ടു വരുമെന്നതിൽ തർക്കമില്ല. സി.പി.എം എവിടെ വോട്ട് മറിക്കാനാണ്? സി.പി.എമ്മിന്റെ വോട്ട് കിട്ടിയിട്ടാണോ ഞങ്ങളെല്ലായിടത്തും വിജയിക്കുന്നത്? അല്ലാതെ തന്നെ തിരുവനന്തപുരം ജയിക്കാൻ കഴിയുന്ന അവസ്ഥയുണ്ട്.

? വടകരയിൽ സി.പി.എമ്മിനെതിരെ ബി.ജെ.പിയടക്കം എല്ലാവരും അണിനിരക്കുകയാണോ

കുറേക്കാലമായി ഈയൊരു പ്രചാരണം അഴിച്ചുവിടുകയാണ്. ഇന്ത്യയിലെ മതേതരവിശ്വാസികൾ ഒറ്റക്കെട്ടായി രാഹുൽഗാന്ധിയുടെ പിന്നിൽ അണിനിരക്കുകയാണ്. ഇത് പഞ്ചായത്ത് തിരഞ്ഞെടുപ്പല്ല. പാർലമെന്റ് തിരഞ്ഞെടുപ്പാണ്. അവിടെ പോരാട്ടം കോൺഗ്രസും ബി.ജെ.പിയും തമ്മിലാണ്. കോൺഗ്രസിന്റെ സീറ്റ് കുറയ്ക്കണമെന്നാണ് ബി.ജെ.പിയുടെ ആഗ്രഹം. ബി.ജെ.പിയുടെ സീറ്റ് കുറയ്ക്കാൻ ഞങ്ങൾ ശ്രമിക്കുന്നു. അവിടെ ഐക്യമുണ്ടെന്ന് പറഞ്ഞാൽ അരിയാഹാരം കഴിക്കുന്നവരാരെങ്കിലും വിശ്വസിക്കുമോ? ഇത് ന്യൂനപക്ഷവോട്ടുകൾ കിട്ടാൻ ഇടയ്ക്കിടയ്ക്ക് സി.പി.എം പറഞ്ഞുകൊണ്ടിരിക്കുന്നതാണ്. ഇത്തവണ അതൊന്നും ചെലവാകില്ല. യഥാർത്ഥത്തിൽബി.ജെ.പിയും സി.പി.എമ്മും തമ്മിലാണ്ഞട്ടുകെട്ട്. ഞങ്ങളുടെ സീറ്റ്കുറയ്ക്കുകയാണ്ര്ലക്ഷ്യം. കേരളത്തിലും ഇന്ത്യയിലും ഏറ്റവും കൂടുതൽ സീറ്റുകൾ രാഹുൽഗാന്ധിക്കായി എത്തിക്കാനുള്ള ദൗത്യത്തിൽ മുഴുവൻ ജനാധിപത്യശക്തികളെയും ഒരുമിപ്പിച്ച് നിറുത്താനുള്ള ഉത്തരവാദിത്വമാണ് ഞങ്ങളുടേത്.

? രാഹുൽഗാന്ധി വരുമ്പോൾ കഴിഞ്ഞകാല തിരഞ്ഞെടുപ്പുകളിൽ ചോർന്നുപോയ ന്യൂനപക്ഷവോട്ടുകളെ തിരിച്ചെത്തിക്കാമെന്ന കണക്കുകൂട്ടലാണോ

ന്യൂനപക്ഷവോട്ടുകൾ മാത്രമല്ല, ന്യൂനപക്ഷ, ഭൂരിപക്ഷ വോട്ടുകളെല്ലാം തിരിച്ചുവരും. രാഹുൽഗാന്ധി വരുന്നതോടെ കേരളത്തിൽ യു.ഡി.എഫ് തൂത്തുവാരും.

? അമേഠിയിലെ എതിരാളി സ്മൃതി ഇറാനിയെ വയനാട്ടിലും ബി.ജെ.പി ഇറക്കുമെന്ന വാർത്തകളുണ്ട്

ഒരു പ്രശ്നവുമില്ല. ആര് വന്നാലും വൻഭൂരിപക്ഷത്തോടെ രാഹുൽഗാന്ധി വിജയിക്കും.

? കഴിഞ്ഞ യു.പി നിയമസഭാതിരഞ്ഞെടുപ്പിൽ അമേഠിയിലുൾപ്പെടുന്നിയോജകമണ്ഡലങ്ങളിലെല്ലാംകോൺഗ്രസ് തോറ്റു. 2014ലും രാഹുലിന്റെ ഭൂരിപക്ഷത്തിൽ ഇടിവുണ്ടായി. ഈ പശ്ചാത്തലം നോക്കുമ്പോൾ അദ്ദേഹം സുരക്ഷിതമണ്ഡലം തേടി വയനാട്ടിലെത്തുന്നുവെന്ന് പറഞ്ഞാൽ

ബി.ജെ.പിക്കാർ ഇങ്ങനെ വ്യാജപ്രചാരണം നിരന്തരം നടത്താറുണ്ട്. സ്മൃതിഇറാനിഅല്ല, നരേന്ദ്രമോദി വയനാട്ടിൽ വന്നാലും രാഹുൽഗാന്ധി ലക്ഷങ്ങളുടെ ഭൂരിപക്ഷത്തിൽ വിജയിക്കും.

കുമ്പളങ്ങി നൈറ്റ്സ്

വാരവിശേഷം

ദ്രോണർ



കുമ്പളങ്ങിക്കായലിലെ തിരുതമീൻ പൊള്ളിച്ചത് രുചിച്ച് നോക്കിയപ്പോൾ രാഹുൽമോനിൽ നിന്നയർന്നുവന്ന ചോദ്യം കേട്ട് കുറുപ്പശ്ശേരി വർക്കിമകൻ തോമാസ്സ് ഉള്ളം പിടഞ്ഞെന്നും പിടഞ്ഞില്ലെന്നും വർത്തമാനങ്ങളുണ്ട്.

'നിനക്ക് നന്നായി മീൻ പിടിക്കാനറിയാമല്ലോടാ, എന്നിട്ടാണോ വേറെ ജോലി നോക്കുന്നത്' എന്ന ചോദ്യം തോമസ് മാഷ് കേട്ടെങ്കിലും അത് കുമ്പളങ്ങി നൈറ്റ്സ് സിനിമയിൽ ബേബിമോളെന്ന കാമുകി ബോബിയെന്ന കാമുകനോട് പറയുന്ന ഡയലോഗല്ലേ എന്നുറപ്പിച്ച മാഷ് മറുത്തൊന്നും പറഞ്ഞില്ല.

പക്ഷേ അതൊരു കൊടുംചതിയായിപ്പോയെന്ന് കുമ്പളങ്ങി നൈറ്റ്സിലെ ഷമ്മിയെ പോലെ മാഷിനും പറയണമെന്ന് തോന്നിയതാണ്.

എങ്കിലും കുമ്പളങ്ങിയിലെ തിരുത പഴയ തിരുതയല്ല എന്നിപ്പോൾ തോമസ് മാഷ് തിരിച്ചറിഞ്ഞിരിക്കുന്നു. തിരുതയുടെ വാലിന്റെ സാമ്പിൾ പരിശോധനയ്ക്ക് അയയ്ക്കുന്നതിനെപ്പറ്റി മാഷ് ആലോചിക്കുന്നുണ്ട്. തിരുതയുടെ വാലിന് വല്ല കുഴപ്പവും സംഭവിച്ചതാണോ ഇപ്പോഴത്തെ കുഴപ്പങ്ങൾക്കെല്ലാം കാരണമെന്ന ശങ്ക ഉള്ളതുകൊണ്ടാണത്. തിരുത ഡ്യൂപ്ലിക്കേറ്റായിപ്പോയോ എന്ന ചിന്തയും ഇല്ലാതില്ല. എന്റെ കുമ്പളങ്ങി, എന്റെ കുമ്പളങ്ങിക്ക് ശേഷം, കുമ്പളങ്ങി കാലിഡോസ്കോപ്പ് എന്നീ വിശ്വവിഖ്യാത കൃതികൾ രചിച്ച തോമസ് മാഷിനെ കുമ്പളങ്ങിക്കായലിലേതെന്നും പറഞ്ഞ് ഡ്യൂപ്ലിക്കേറ്റ് തിരുത കൊടുത്ത് പറ്റിക്കാൻ ആരെക്കൊണ്ടും സാധിക്കുന്നതല്ല എന്നത് കൊണ്ടുതന്നെ അത്തരമൊരു ചിന്ത അസ്ഥാനത്താണ്. തിരുത ഡ്യൂപ്ലിക്കേറ്റായതല്ല കുഴപ്പം. തിരുതയുടെ രുചിയറിഞ്ഞ് മോൻരാഹുൽഗാന്ധി പെത്തമാറിയതാണ് കുഴപ്പമായത്.

തോമസ് മാഷിന്റെ കുമ്പളങ്ങിത്തിരുത ഇന്നേവരെ ചതിച്ച ചരിത്രം കേട്ടിട്ടില്ല. ആ തിരുത പൊള്ളിച്ചതിൽ ആദ്യം വീണപോയത് നമ്മുടെ ലീഡർജി കരുണാകർജി ആയതിൽ നിന്നതന്നെ നമുക്ക് മനസിലാക്കാവുന്നതേയുള്ളൂ. ഒരുമാതിരിപ്പെട്ട തിരുത മീനിലൊന്നും വീണപോകുന്നയാളായിരുന്നില്ല കരുണാകർജി. എന്നിട്ടും മാഷിന്റെ തിരുത പൊള്ളിച്ചതിൽ വീണുപോയെന്ന് പറഞ്ഞാൽ പിന്നെ ചോദിക്കണോ!

ഒരു തിരുതയുള്ളത് കാരണം മാഷിന് പത്തിരുപത്തിയഞ്ച് കൊല്ലക്കാലം കുമ്പളങ്ങിക്കായലിൽ ഓളം വെട്ടാതെ, ലോക്സഭയിൽ പോയിരിക്കേണ്ടി വന്നിട്ടുണ്ട്. അങ്ങനെ ചില്ലറ ത്യാഗമൊക്കെ മാഷ് സഹിക്കും. അത് മറ്റാർക്കും വേണ്ടിയല്ല, സ്വന്തം തിരുതയ്ക്ക് വേണ്ടിയാണ്.

1984ലാണ് മാഷിന്റെ തിരുത ആദ്യം പണി പറ്റിച്ചത്. ലീഡർജി വീണപോയെന്ന് പറഞ്ഞാൽ മതി. മാഷ് പൊങ്ങിയത് അന്ന് ലോക്സഭയിലായിരുന്നു. പിന്നീട് നമ്പർ ടെൻ ജനപഥിൽ തിരുത മാറുകമായാണ് ഇടപെടുകളത്രത്! സോണിയ പ്രിയങ്കരി എന്ന പുസ്തകം പോലും മാഷ് എഴുതിയത് ആ ഇഫക്ടിലാണ്. അതേപിന്നെ ഇന്നേവരെ മാഷിന് ലോക്സഭയിൽ നിന്നെഴുന്നേൽക്കാൻ യോഗമുണ്ടായിട്ടില്ല. മാഷിരുന്ന കസേരയിൽ ആല്മുളച്ചെന്നും അത് രാഹുൽമോൻ വെട്ടിമാറ്റാൻ ആളെ വിട്ടെന്നുമാണ് കുമ്പളങ്ങിക്കായലിലെ പുതിയ വർത്തമാനങ്ങൾ. എങ്കിലും അതിന് ഹൈബി ഈഡനെ തന്നെ രാഹുൽമോൻ വിളിപ്പിക്കുമെന്ന് മാഷ് സ്വപ്നേപി കരുതിയില്ല. ഇതിനാണ് പറയുന്നത് തിരുതയ്ക്കും തിരുതയുടേതായ സമയമുണ്ട് ദാസാ എന്ന്! ഏതായാലും ഗ്രഡ് (കുമ്പളങ്ങി) നൈറ്റ്!

■

ത്യാഗമെന്നതേ നേട്ടം, താഴ്മതാനഭ്യുന്നതി എന്നാണ് രാജ്മോഹൻ ഉണ്ണിത്താൻ ഗാന്ധിയുടെ ആപ്തവാക്യം. ഗാന്ധി ഏഴര വെള്ളപ്പിന് എഴുന്നേറ്റ് പച്ചവെള്ളം ചവച്ചരച്ച് കുടിക്കും. പ്രഭാതകൃത്യങ്ങൾ കഴിഞ്ഞ് ആട്ടിൻപാൽസേവ. പിന്നെ രഘുപതി രാഘവ പാടി ചർക്കയ്ക്ക് മുന്നിലാണ്. നൂൽനൂല്പിന് ശേഷമേ എന്തെങ്കിലുമൊന്ന് ഉരിയാടൂ. അങ്ങേയറ്റത്തെ വിനയഭാവമാണ്.

ഉണ്ണിത്താൻ ഗാന്ധിയെ കാസർകോട്ടേക്ക് ലോക്സഭാ തിരഞ്ഞെടുപ്പ് സ്വാതന്ത്ര്യസമരം നയിക്കാൻ മുല്ലപ്പള്ളിഗാന്ധി നിയോഗിച്ചത് പോലും ആ ത്യാഗസന്നദ്ധതയും അർപ്പണബോധവും മനസിലാക്കിയിട്ടായിരുന്നു. അഹിംസാ സിദ്ധാന്തത്തിൽ അടിയുറച്ച് വിശ്വസിക്കുന്ന ഉണ്ണിത്താൻ ഗാന്ധി, മഹാത്മാഗാന്ധി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ഉപവാസസമരം അനുഷ്ഠിക്കാൻ ധൈര്യം കാട്ടാറുള്ള ഗാന്ധിയാണെന്ന് തിരിച്ചറിയാത്ത കശ്മലന്മാർ കാസർകോട് ഡി.സി.സിയിൽ പാർപ്പുറപ്പിച്ചിട്ടുണ്ട്. അത് മുല്ലപ്പള്ളി ഗാന്ധിക്കറിയില്ലെങ്കിലും ഉണ്ണിത്താൻ ഗാന്ധി മനസിലാക്കിവച്ചിരുന്നു.

എന്നിരുന്നാലും ഇങ്ങനെയൊരു അഭ്യാസം ഈ കശ്മലന്മാർ കാട്ടുമെന്ന് ഉണ്ണിത്താൻ ഗാന്ധി സ്വപ്നേപി നിരൂപിച്ചതായിരുന്നില്ല. ഉണ്ണാവ്രതമനുഷ്ഠിക്കാൻ കെല്പുള്ള ശരീരമാണെന്നത് ശരി തന്നെ, പക്ഷേ അതുകൊണ്ട് പട്ടിണികിടത്തിയേ അടങ്ങൂ എന്ന് ശഠിച്ചാലോ! കാസർകോട്ട് സഹനസമരത്തിനായി തീവണ്ടിയിറങ്ങിയ ഉണ്ണിത്താൻ ഗാന്ധിക്ക് ഊണ് പോലും വാങ്ങിക്കൊടുത്തില്ലെന്നാണ് പറയുന്നത്. ഡി.സി.സി പ്രസിഡന്റ് ഹക്കിം കുന്നേൽഗാന്ധി ഉണ്ണിത്താൻ ഗാന്ധിയുടെ ഉണ്ണാവ്രതം കിടക്കാനുള്ള ശാരീരികക്ഷമത പരീക്ഷിച്ചതാണെന്ന് പറയുന്നുണ്ടെങ്കിലും ഉണ്ണിത്താൻ ഗാന്ധി അത് വിശ്വസിക്കുന്നില്ല. എനിക്ക് ഊണ് പോലും വാങ്ങിത്തന്നില്ലെന്ന് ഗാന്ധി കരഞ്ഞ് പറഞ്ഞത് കൊണ്ട് ഡി.സി.സിയിൽ ഹക്കിം കുന്നേൽഗാന്ധിയെ തത്കാലം മാറ്റിപ്രതിഷ്ഠിച്ചിരിക്കുകയാണ് മുല്ലപ്പള്ളി ഗാന്ധി. അല്ലെങ്കിലും ഉണ്ണിത്താൻ ഗാന്ധിയോട് കളി വേണ്ട. കൊക്കെത്ത കുളം കണ്ടതാ. പിന്നെയാണോ കാസർകോട്ടെ കുണ്ടുകുളം!

ഇ-മെയിൽ: dronar.keralakaumudi@gmail.com

ഒരു ജാതി ഒരു മതം ഒരു ദൈവം

വിശാഖം 01 - 10
പഞ്ചമി 33-51
1940 ചൈത്രം 04
1440 റജബ് 19
1194 മീനം 11



ഗുരുപ്രകാശം

ജ്ഞാനലാഭമാണ് പ്രധാനം

സ്വാമി വിശുദ്ധാനന്ദ
(പ്രസിഡന്റ്, ശ്രീനാരായണധർമ്മസംഘം ട്രസ്റ്റ്)

ഒരാൾക്കു ഒരേസമയ